(ബി) നിയമസഭാ കോംപ്ലക്സ് നിർമ്മാണത്തിനായുള്ള ഹൈലെവൽ കമ്മിറ്റിയുടെ അംഗീകാരത്തോടെ പൊതുഭരണം, പൊതുമരാമത്ത്, ധനകാര്യം എന്നീ വകുപ്പു സെക്രട്ടറിമാരും നിയമസഭാ സെക്രട്ടറിയുമടങ്ങുന്ന സമിതിയാണ് പ്രതിമാ നിർമ്മാണത്തിനായുള്ള ശില്പികളെ നിശ്ചയിച്ചത്.

(സി) പത്രപ്പരസ്യത്തിലൂടെ ലഭ്യമായ എല്ലാ അപേക്ഷകളും കമ്മിറ്റി സൂക്ഷ്മപരിശോധന നടത്തി ഏറ്റവും വിദഗ്ദ്ധരായ ശില്പികളെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്.

(ഡി) മഹാത്മാഗാന്ധിയുടെ പ്രതിമയ്ക്ക് 16.50 ലക്ഷം രൂപയും, ജവഹർലാൽ നെഹ്രു, അംബേദ്ക്കർ എന്നിവരുടെ പ്രതിമയ്ക്ക് പത്തു ലക്ഷം രൂപ വീതവുമാണ് ചെലവ് വരുന്നത്.

(ഇ) മഹാത്മാഗാന്ധിയുടെ പ്രതിമാ നിർമ്മാണം ഉടമ്പടി ഒപ്പുവെച്ച 12-5-2004 മുതൽ 7 മാസത്തിനകവും, ജവഹർലാൽ നെഹ്രു, അംബേദ്ക്കർ എന്നിവരുടെ പ്രതിമാ നിർമ്മാണം ഉടമ്പടി ഒപ്പുവെച്ച 19-5-2004 മുതൽ 7 മാസത്തിനകവും പൂർത്തിയാക്കാനാണ് കരാറായിട്ടുള്ളത്.

(എഫ്) നിയമസഭാ സമുച്ചയത്തിൽ ആണ് പ്രതിമ സ്ഥാപിക്കുവാൻ കമ്മിറ്റി നിശ്ചയിച്ചിരിക്കുന്നത്.

(ജി) നിലവിലുള്ള സംവിധാനം പ്രതിമാ നിർമ്മാണമേൽനോട്ടത്തിന് പര്യാപ്തമാണ്.

പുതിയ ഫയർ സ്റ്റേഷനുകൾ

112 [115] ശ്രീ. ജോണി നെല്ലൂർ:

,, എ. എൻ. രാജൻ ബാബു:

,, ഷിബു ബേബിജോൺ:

,, കെ. കെ. ഷാജു:

,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി എത്ര ഫയർ ഫോഴ്സ് സ്റ്റേഷനുകളാണ് അനുവദിച്ചിട്ടുള്ളത്;

(ബി) അവ എവിടെയെല്ലാമാണ്;

(സി) പുതിയ ഫയർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇവ അടിയന്തിരമായി സ്ഥാപിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 28-10-2003-ലെ ജി.ഒ. (ആർ.ടി.) നമ്പർ 2060/2003/ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് വരുന്ന മൂന്നു വർഷക്കാലത്തേക്ക് ഫയർ സ്റ്റേഷനുകൾ തുറക്കുന്നതിനായി 28 സ്ഥലപ്പേരുകൾ ഉൾപ്പെട്ട ഒരു മുൻഗണനാ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.

(ബി)
1. നെടുമങ്ങാട്
2. പാറശ്ശാല
3. കാട്ടാക്കട
4. കടയ്ക്കൽ
5. പരവൂർ
6. ഓയൂർ
7. കോഴഞ്ചേരി
8. മല്ലപ്പള്ളി
9. പന്തളം
10. ഹരിപ്പാട്
11. ചെങ്ങന്നൂർ
12. കടുത്തുരുത്തി
13. അടിമാലി
14. കല്ലൂർക്കാട്
15. പട്ടിമറ്റം
16. കൊടുങ്ങല്ലൂർ
17. മണ്ണാർക്കാട്
18. പട്ടാമ്പി
19. മഞ്ചേരി
20. നിലമ്പൂർ
21. കുറ്റിപ്പുറം
22. നാദാപുരം
23. കൊയിലാണ്ടി
24. മാനന്തവാടി
25. വൈത്തിരി
26. പെരിങ്ങോം
27. ഇരിട്ടി
28. ഉപ്പള

(സി) ആവശ്യമായ സ്ഥലവും കെട്ടിടവും ലഭ്യമാകാത്തതുകൊണ്ട്.

(ഡി) മുൻഗണനാ പട്ടിക പ്രകാരം അംഗീകരിച്ച 28 സ്റ്റേഷനുകളിൽ രണ്ടെണ്ണം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 14 സ്ഥലങ്ങളിൽ ഫയർ സ്റ്റേഷൻ, തുറക്കുന്നതിനുള്ള സ്ഥലം, കെട്ടിടം എന്നിവ കണ്ടെത്തൽ, ഭരണാനുമതി ലഭ്യമാക്കൽ എന്നിവയ്ക്കുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ബാക്കി 12 സ്ഥലങ്ങളിൽ സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly